# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ഒരേക്കർ ഭൂമിയ്ക്ക് കൈവശ രേഖയുള്ളവർക്ക് പ്രസ്തുത ഭൂമി സ്വന്തമാക്കുന്നതിനുള്ള നടപടി

3000

ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു ഏക്കർ വീതം കൈവശരേഖയുള്ള കുടുംബങ്ങൾക്ക് ടി സ്ഥലത്ത് വീടോ കുടിലോ വച്ചിട്ടുണ്ടെങ്കിൽ അവർക്ക് പതിനഞ്ച് സെന്റ് മാത്രം നൽകി ബാക്കി തിരികെയെടുക്കുന്ന അശാസ്ത്രീയവും സാമാന്യനീതിയ്ക്ക് നിരക്കാത്തതുമായ നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പോരായ്മ പരിഹരിക്കുന്നതിന് കഴിഞ്ഞ സർക്കാർ (2006-2011) നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് നടപ്പാക്കാൻ കാലതാമസം നേരിടാൻ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഈ പോരായ്മ അടിയന്തിരമായി പരിഹരിച്ച് കൈവശരേഖയുള്ളവർക്ക് വീടോ കുടിലോ വച്ചാലും പ്രസ്തുത ഒരേക്കർ വസ്തുവും അവർക്ക് തന്നെ സ്വന്തമായിരിക്കുന്നതിന് ആവശ്യമായ ഉത്തരവ് ഉടൻ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

റെയിൽപാത ഇരട്ടിപ്പിക്കലിനുവേണ്ടി ഭൂമി വിട്ടു കൊടുത്തവർക്ക് നഷ്ടപരിഹാരം

3001 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം വഴിയുള്ള റെയിൽപാത ഇരട്ടിപ്പിക്കലിന് സ്ഥലം വിട്ടുകൊടുത്ത മുഴുവൻ ആളുകൾക്കും ഏറ്റെടുത്ത വസ്തുവിന്റെ വില കൊടുത്തു തീർക്കാൻ സാധിച്ചുവോ;

(ബി) കോട്ടയം ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് ഭൂമി വിട്ടു കൊടുത്തവർക്ക് ലഭിക്കാനുള്ള തുക റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക എന്നാണ് ലഭിച്ചത്; തുക എത്രയാണ് ;

(സി) ഭൂമി വിട്ടുകൊടുത്ത കോട്ടയം ജില്ലയിലെ മുഴുവൻ ആളുകൾക്കും പ്രസ്തുത തുക എന്നത്തേക്ക് കൊടുത്തു തീർക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ആറന്മുള വിമാനത്താവളം നിർമ്മാണത്തിന് കണ്ടെത്തിയ ഭൂമി</u>

3002 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, പി. കെ. ഗുരുദാസൻ
,, രാജു എബ്രഹാം
ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവളത്തിനുവേണ്ടി കണ്ടെത്തിയ ഭൂമി മിച്ചഭൂമിയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അനധികൃതമായി കൈവശം വെക്കുന്ന ഭൂമി തിരിച്ചു പിടിച്ച് സർക്കാരിലേക്ക് മുതൽകൂട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വിമാനത്താവള നിർമ്മാണത്തിനുവേണ്ടി അനധികൃതമായി നെൽവയൽ മണ്ണിട്ട് നികത്തിയത് പ്രദേശത്ത് പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുള്ള കാര്യം സർക്കാർ പരിശോധിക്കുകയുണ്ടായോ;

(സി) വയലിനരികിലൂടെ ഒഴുകുന്ന തോടുകൾ നികന്നതിനാൽ സമീപ പ്രദേശങ്ങളിലേക്കുള്ള നീരൊഴുക്ക് തടസ്സപ്പെടുകയും തൻമൂലം കൃഷിയിറക്കുന്നതിന് പറ്റാത്ത സാഹചര്യം ഉളവായത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; ഇതിൽ എന്തു നടപടിയാണ് സ്വീകരിച്ചത്;

(ഡി) മിച്ചഭൂമി തിരിച്ചുപിടിച്ച് വയലിലെ നീരൊഴുക്കുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

റവന്യൂ ഭൂമിയായി മാറ്റപ്പെട്ട നെല്ലിയാംമ്പതി വനഭൂമി

3003 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാംമ്പതിയിൽ വനഭൂമിയല്ലാതെ റവന്യൂഭൂമി ഉള്ളതായി സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ വനഭൂമി റവന്യൂ ഭൂമിയായി മാറ്റിക്കൊണ്ടുള്ള വിജ്ഞാപനത്തിലെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കേന്ദ്ര വന സംരക്ഷണ നിയമത്തിന്റെ രണ്ടാം വകുപ്പ് അനുസരിച്ച് ആയതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ബയോഡൈവേഴ്സിറ്റി ആക്ടിന്റെ നിബന്ധനകൾ പാലിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) റവന്യൂ ഭൂമി ഇല്ല എന്നതിന് നിയമങ്ങളുടെയും വസ്തുകകളുടെയും പിൻബലം ശക്തമായി ഉണ്ടായിരുന്നിട്ടും ആ നിലയിൽ കോടതികളിലെ കേസ് കൈകാര്യം ചെയ്യാൻ സർക്കാര് തയ്യാറാകാത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>കഠിനംകുളം വില്ലേജ് ഓഫീസിന്റെ നിര്‍മ്മാണപുരോഗതി</u>

3004 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചിറയിന്‍കീഴ് നിയോജകമണ്ഡലത്തിലെ കഠിനംകുളം വില്ലേജ് ഓഫീസിന്റെ നിര്‍മ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്തെന്നു പറയുമോ;

(ബി) ഈ ഓഫീസിന്റെ നിര്‍മ്മാണത്തിനായി വകകൊള്ളിച്ചിട്ടുള്ള തുകയെത്രയെന്നു പറയുമോ;

(സി) ഈ ഓഫീസിന്റെ നിര്‍മ്മാണത്തിന് എത്ര തുക ചെലവു വരുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

വില്ലേജ് ആഫീസുകളിലെ ഭൗതിക സാഹചര്യം
മെച്ചപ്പെടുത്തൽ

3005 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദിവസേന ഏറ്റവും കൂടുതൽ ജനങ്ങൾ കയറിയിറങ്ങുന്ന വില്ലേജ് ആഫീസുകളിൽ പൊതുജനങ്ങൾക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) വില്ലേജാഫീസുകൾ പനരുദ്ധീകരിക്കുന്നതിനുള്ള നടപടി ഏതുവരെയായി;

(സി) ശമ്പള കമ്മീഷൻ ശുപാർശ ചെയ്ത എല്ലാ വില്ലേജാഫീസുകളിലും ഒരു വില്ലേജ് അസിസ്റ്റന്റിനെകൂടി നിയമിക്കുന്നതിനുള്ള ശുപാർശ നടപ്പിലാക്കുമോ;

(ഡി) റവന്യൂ ആഫീസുകളിലെ റവന്യൂറിക്കാർഡുകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്ന നടപടി ഏതുവരെയായെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം</u>

3006 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
'' എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വില്ലേജ് ആഫീസുകളും കമ്പ്യൂട്ടർ വൽക്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളും കമ്പ്യൂട്ടർ വൽക്കരിച്ച് ഒരു ശൃംഖല വഴി പരസ്പരം ബന്ധിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>നികുതി രജിസ്റ്ററും തണ്ടപ്പേർ രജിസ്റ്ററും</u>

3007 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന നികുതി രജിസ്റ്ററിലും (ബി. ടി. ആർ) തണ്ടപ്പേർ രജിസ്റ്ററിലും ടി. പി. ആർ കൈവശക്കാരുടെ പേരുകൾ ചേർക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധമായ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) യഥാർത്ഥ കൈവശക്കാരുടെ പേരുകൾ പട്ടയം വാങ്ങിയിട്ടില്ല എന്ന കാരണത്താൽ പ്രസ്തുത രജിസ്റ്ററുകളിൽ ചേർക്കുന്നതിന് വടകര താലൂക്കിലെ വില്ലേജ് ആഫീസർമാർ തയ്യാറാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വില്ലേജുകളിലെ കൈവശക്കാർക്ക് പട്ടയത്തിന്റെ അടിസ്ഥാനത്തിൽ ബി. ടി. ആർ ലും, ടി. പി. ആർ ലും പേര് ചേർത്ത് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കുന്ദമംഗലം മിനി സിവിൽ സ്റ്റേഷനിലെ ഓഫീസുകൾ</u>

3008 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏക സബ് താലൂക്കായ കുന്ദമംഗലത്തെ നിർദ്ദിഷ്ട മിനി സിവിൽ സ്റ്റേഷനിൽ ഏതെല്ലാം ഓഫീസുകൾക്കാണ് സ്ഥലം ലഭ്യമാക്കണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുള്ളത്;

(ബി) സബ് ട്രഷറിക്കാവശ്യമായ സ്ഥലം മിനി സിവിൽ സ്റ്റേഷനിൽ ഒരുക്കുമോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>റവന്യൂ ടവറുകളിൽ ഓഫീസുകൾക്ക് സ്ഥലം അനുവദിക്കൽ</u>

3009 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സ്റ്റേഷനുകളിലും റവന്യൂ ടവറുകളിലും വിവിധ ഓഫീസുകൾക്ക് പ്രവർത്തിക്കുവാൻ സ്ഥലമനുവദിക്കുന്നത് ആരാണ്; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നടപടിക്ക് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>വലിയപറമ്പ് വില്ലേജ് ഓഫീസിന്റെ പ്രവര്‍ത്തനം</u>

3010 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

വലിയപറമ്പ് പഞ്ചായത്തില്‍ അനുവദിച്ച വില്ലേജ് ഓഫീസിന്റെ പ്രവര്‍ത്തനം എപ്പോള്‍ ആരംഭിക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പഞ്ചായത്തിലെ റവന്യൂ രേഖകള്‍ ഏതെല്ലാം വില്ലേജുകളിലായാണ് കിടക്കുന്നതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

റെയ്ഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ പുറമ്പോക്കു ഭൂമി

3011 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബാലുശ്ശേരിയിലെ എക്സൈസ് റെയ്ഞ്ച് ഓഫീസിന് കെട്ടിട നിർമ്മാണത്തിന് റവന്യൂ പുറമ്പോക്ക് ഭൂമി അനുവദിക്കുന്നതിന് സമർപ്പിച്ച നിവേദനത്തിൽ (8588/11/VIP/M(Rev) dated 15/12/2011) കൈക്കൊണ്ട തുടർ നടപടികൾ അറിയിക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

കൽപ്പറ്റ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾക്ക് സ്വന്തം കെട്ടിടം

3012 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷങ്ങളിലായി സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ നിർമ്മാണവും പുനരുദ്ധാരണവും എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയുടെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ ;

(ബി) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാ ക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കോതമംഗലത്തെ ഫോറസ്റ്റ് റേഞ്ച് ഓഫീസ് സ്ഥലത്തിന്റെ വിശദാംശം</u>

3013 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് ഇപ്പോൾ സ്ഥിതിചെയ്യുന്ന ഫോറസ്റ്റ് റേഞ്ച് ഓഫീസും അവിടെ പ്രവർത്തിക്കുന്ന തടി ഡിപ്പോയും ഇരിക്കുന്ന സ്ഥലം ഗവൺമെന്റ് റിക്കോർഡ് പ്രകാരം സെറ്റിൽമെന്റ് രേഖയിൽപ്പെട്ടതാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) സർവ്വെ നമ്പർ 1016, 1017, 1018 എന്നീ നമ്പറുകളിൽപ്പെട്ട സ്ഥലം പതിവ് സ്ഥലമായിരുന്നോ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇപ്പോൾ ഈ സ്ഥലം ബി.റ്റി. ആർ പ്രകാരം പുറമ്പോക്കാണോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സ്ഥലം റിസർവ്വ് ഫോറസ്റ്റായി ഡിക്ലയർ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>പുതിയ മിനി സിവിൽ സ്റ്റേഷനുകൾ</u>

3014 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മിനി സിവിൽ സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ചടയമംഗലം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പുതിയ വില്ലേജ് ഓഫീസുകൾ</u>

3015

ശ്രീ. കെ. അച്ചുതൻ
,, പി. എ. മാധവൻ
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വില്ലേജ് ഓഫീസുകൾ അനുവദിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ വില്ലേജ് ഓഫീസുകള്‍ നവീകരിക്കുന്നതിന് നടപടി</u>

3016 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുജനങ്ങള്‍ക്ക് ഇവിടെ നിന്നും ലഭിക്കേണ്ട വിവിധ സര്‍ട്ടിഫിക്കറ്റുകള്‍ ഓണ്‍ലൈനായി ലഭിക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

താലൂക്ക് ഓഫീസുകളിൽ അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം

3017

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ, കാർത്തികപ്പള്ളി താലൂക്കിൽ പത്തിയൂർ വില്ലേജിൽ എരുവറ്റികിഴക്ക് മുറിയിൽ തുണ്ടിൽ വീട്ടിൽ ശ്രീമതി ലക്ഷ്മിയുടെ വസ്തു പേരിൽക്കൂട്ടുന്നതിലേയ്ക്ക് 21.05.2012 ൽ അപേക്ഷ നൽകിയിട്ടും നാളിതുവരെ ഒരു നടപടികളും സ്വീകരിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) LRM/SR/NEW/632/12 തീയതി21.05.2012 ഈ ഫയൽ നമ്പരിൽ ഉള്ള വിധവയായ പട്ടികജാതി സമുദായത്തിൽപ്പെട്ട ടി ആളുടെ മകളുടെ പുനർവിവാഹത്തിന്റെ ആവശ്യകതയിലേക്ക് 87/2 സർവ്വേ നമ്പരിൽപ്പെട്ട വസ്തു പേരിൽക്കൂട്ടി നൽകണമെന്ന അപേക്ഷയിന്മേൽ അനുകൂല നടപടി സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) താലൂക്കാഫീസുകളിലെ ഇത്തരം കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

വെളിയം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം

3018 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽപ്പെട്ട വെളിയം വില്ലേജ് ആഫീസ് കെട്ടിടത്തിന് ഉദ്ദേശം എത്ര വർഷം പഴക്കമുണ്ട്;

(ബി) പ്രസ്തുത ആഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും ആയതിന്റെ ഉടമസ്ഥത സംബന്ധിച്ച വിശദാംശവും വെളിപ്പെടുത്തുമോ;

(സി) അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്താൽ ബുദ്ധിമുട്ടുകൾ നേരിടുന്ന ടി ആഫീസിന് പുതിയ മന്ദിരനിർമ്മാണത്തിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ

3019

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസർമാരുടെ പദവി ഉയർത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ജോലിഭാരം കണക്കിലെടുത്ത് 9-ാം ശമ്പള കമ്മീഷൻ ശുപാർശ ചെയ്ത വില്ലേജ് അസിസ്റ്റന്റുമാരുടെ ഓരോ അധിക തസ്തിക എല്ലാ വില്ലേജ് ഓഫീസുകളിലും സൃഷ്ടിച്ച് അടിയന്തിര നിയമനം നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് പറയാമോ;

(ഡി) പൊതുജനങ്ങൾക്ക് റവന്യൂ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ സ്വഭാവവും, വൈവിധ്യങ്ങളും അളവുകളും വർദ്ധിക്കുകയും നിലവിലുള്ള ഓഫീസ് സംവിധാനങ്ങൾ അപര്യാപ്തവും ജീവനക്കാർക്ക് ജോലിഭാരം താങ്ങാവുന്നതിനപ്പുറവുമായ സ്ഥിതിക്ക് സർവ്വീസ് സംഘടനകളുടെയും റവന്യൂ വകുപ്പ് സംഘടനകളുടെയും പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തി ഒരു പരിഹാരം ഉണ്ടാക്കുവാൻ ശ്രമിക്കുമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പ്രിപെയ്ഡ് ആട്ടോ-ടാക്സി സ്റ്റാന്റ് സ്ഥാ.പിക്കുന്നതിനുള്ള നടപടി</u>

3020 ശ്രീ. സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കായംകുളം റെയില്‍വെ സ്റ്റേഷനില്‍ പ്രി-പെയ്ഡ് ആട്ടോ-ടാക്സി സ്റ്റാന്റ് സ്ഥാപിക്കുന്നതിന് താലൂക്ക് വികസന സമിതി തീരുമാനിച്ചിട്ടുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) പ്രി-പെയ്ഡ് ആട്ടോ-ടാക്സി സ്റ്റാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

തമിഴ്നാട്ടിലെ ചെങ്കോട്ടയിൽ കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം

3021 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലെ ചെങ്കോട്ടയിൽ കേരള സർക്കാറിന്റെ ഉടമസ്ഥതയിൽ എത്ര ഭൂമിയുണ്ട്; ഇവ ഏതെല്ലാം വകുപ്പിന്റെ കീഴീൽ എത്രവീതം;

(ബി) ആ ഭൂമിയുടെ മേൽ നോട്ടവും സൂക്ഷിപ്പും ആർക്കാണ്;

(സി) ആ ഭൂമിയിൽ എന്തെങ്കിലും വികസന പദ്ധതികൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അതിന് എന്തെങ്കിലും തടസ്സങ്ങളോ പ്രതിസന്ധികളോ ഉണ്ടോ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളില പുതിയ ക്ലറിക്കൽ തസ്തിക</u>

3022 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിലെ വർദ്ധിച്ചുവരുന്ന ജോലി ഭാരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ജോലിഭാരം കണക്കിലെടുത്ത് വില്ലേജ് ഓഫീസുകളിൽ പുതുതായി ഓരോ ക്ലറിക്കൽ തസ്തിക സൃഷ്ടിക്കുമെന്ന് കഴിഞ്ഞ ശമ്പളക്കമ്മീഷൻ റിപ്പോർട്ട് ചെയ്തിരുന്നതായ വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ശുപാർശയിന്മേൽ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്ത് പഞ്ചായത്ത് ഓഫീസുകളിൽ അധിക തസ്തിക സൃഷ്ടിച്ച കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സമാനസ്വഭാവമുള്ള വില്ലേജ് ഓഫീസുകളിൽ ശമ്പളകമ്മീഷൻ ശുപാർശ ചെയ്ത അധിക തസ്തിക സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലേക്ക് വില്ലേജ് ഓഫീസർമാർക്ക് സ്ഥലം മാറ്റം</u>

3023 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തിൽ ഇതര ജില്ലകളിൽ നിന്നും കൊല്ലം ജില്ലയിലേക്ക് പ്രത്യേക ഉത്തരവ് പ്രകാരവും അല്ലാതെയും എത്ര വില്ലേജ് ഓഫീസർമാർക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>റവന്യൂവകുപ്പിൽ സേവനാവകാശനിയമം</u>

3024 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂവകുപ്പിൽ സേവനാവകാശനിയമം ഉടൻ പ്രാബല്യത്തിൽ വരുത്തുമോ;

(ബി) വില്ലേജ് ഓഫീസുകളിലെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപര്യാപ്തതകൾ സേവനാവകാശ നിയമം പ്രാബല്യത്തിൽ വരുമ്പോൾ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമെന്നു സർക്കാർ കരുതുന്നുണ്ടോ; ആയതു പരിഹരിക്കുവാൻ അടിയന്തിരനടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡം</u>

3025 ശ്രീ. പി. ഉബൈദുള്ള
,, എൻ. ഷംസുദ്ദീൻ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന് അർഹത നിർണ്ണയിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) നിയമനങ്ങളിലെ സംവരണത്തിനും, വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കും പ്രത്യേകം മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ ;

(സി) ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>റവന്യൂ ജീവനക്കാരിൽ തുടർച്ചാനുമതി ഇല്ലാത്തവർക്ക് ശമ്പളം ലഭ്യമാക്കുന്നതിനുള്ള നടപടി</u>

3026 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുടർച്ചാനുമതി ഇല്ലാത്തതിനാൽ ആയിരക്കണക്കിന് റവന്യൂ ജീവനക്കാർക്ക് ശമ്പളം നഷ്ടപ്പെടുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ശമ്പളം ലഭിക്കാത്ത ഓഫീസുകളിലും തസ്തികകളിലും ജോലി ചെയ്യുന്നവരെല്ലാം താല്കാലിക ജീവനക്കാരാണോ എന്നു വ്യക്തമാക്കുമോ; തുടർച്ചാനുമതി യഥാസമയം നൽകാത്തതുമൂലം ശമ്പളം ലഭിക്കാത്ത ജീവനക്കാർക്ക് ആയത് യഥാസമയം ലഭിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) താൽക്കാലിക ഗണത്തിൽപ്പെടുത്തിയ എത്ര ഓഫീസുകളും എത്ര തസ്തികകളും റവന്യൂ വകുപ്പിലുണ്ടെന്ന് വ്യക്തമാക്കുമോ; ഒരേ റാങ്കിൽ നിന്നും സർവ്വീസിൽ കയറുന്നവരും, ഒരേ വകുപ്പിൽ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്നവരുമായ ജീവനക്കാരിൽ കുറെപേർ മാത്രം ചില പ്രത്യേക ഓഫീസിൽ എത്തുമ്പോൾ താൽക്കാലിക തസ്തികകൾ എന്ന പേരിലും തുടർച്ചാനുമതി നിഷേധിക്കുന്നതു മൂലവും ശമ്പളം ലഭിക്കാത്ത സാഹചര്യം എങ്ങനെ കാണുന്നുവെന്ന് വ്യക്തമാക്കുമോ; ഈ പ്രശ്നത്തിന് ശാശ്വതവും അടിയന്തിരവുമായ പരിഹാരം കാണുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി</u>

3027 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ ചില തസ്തികകളിൽ തുടർച്ചാനുമതിയില്ലാത്തതിന്റെ പേരിൽ ജീവനക്കാരുടെ ശമ്പളം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർഷങ്ങളായി ഈ അവസ്ഥ തുടർന്നുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അഞ്ചുവർഷമായി തുടരുന്ന തസ്തികകൾ സ്ഥിരപ്പെടുത്താൻ നിലവിൽ നിയമം ഉണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഉണ്ടെങ്കിൽ റവന്യൂ വകുപ്പിലെ ഇത്തരം തസ്തികകൾ സ്ഥിരപ്പെടുത്താതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തസ്തികകൾ സ്ഥിരപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>അധികമായി അനുവദിക്കാനുള്ള വില്ലേജ് അസിസ്റ്റന്റ് തസ്തികകൾ</u>

3028 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ 9-ാം ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ റവന്യൂ വകുപ്പിൽ വില്ലേജ് ഓഫീസുകളിൽ ഒരു വില്ലേജ് അസിസ്റ്റന്റ് തസ്തിക അധികമായി അനുവദിക്കാൻ തീരുമാനിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ച് ഈ സർക്കാർ എന്ത് തുടർനടപടികൾ സ്വീകരിച്ചു എന്നത് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>നെൽവയൽ ഡാറ്റാ ബാങ്ക്</u>

3029 ശ്രീ. ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയൽ ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>നെൽവയൽ തണ്ണീർത്തട സംരക്ഷണം</u>

3030 ശ്രീ. സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ
,, വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി നികത്തുന്ന വയലുകളും തണ്ണീർത്തടങ്ങളും പൂർവ്വസ്ഥിതിയിലാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഓരോ സ്ഥലത്തും ഇത് സംബന്ധിച്ച പരിശോധന നടത്തുന്നത് ആരാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സമയബന്ധിതമായി ഈ പ്രവൃത്തികൾ ചെയ്തു തീർക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>നെൽവയൽ നികത്തലിന് ഇളവ് നൽകുന്നത് പരിശോധിക്കുന്ന സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം</u>

3031

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുആവശ്യങ്ങൾക്കായി നെൽവയലുകൾ നികത്തുന്നതിന് ഇളവ് നൽകുന്നത് പരിശോധിക്കാൻ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ടോ; നിലവിൽ ഉള്ള ഇതിന്റെ ഘടനയും ആരൊക്കെയാണ് അംഗങ്ങൾ എന്നും വെളിപ്പെടുത്തുമോ;

(ബി) പ്രാദേശികതലത്തിലുള്ള ഈ കമ്മിറ്റിയുടെ ഘടനയും അംഗങ്ങളും ആരൊക്കെയെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിക്ക് മുന്നിൽ എത്ര അപേക്ഷകൾ നെൽവയൽ നികത്തണമെന്നാവശ്യപ്പെട്ട് വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ഇതിൽ എത്രയെണ്ണത്തിൽ അനുകൂലമായും എത്രയെണ്ണത്തിൽ പ്രതികൂലമായും തീരുമാനമെടുത്തെന്ന് ഓരോ അപേക്ഷയുടെയും വിശദാംശം വെളിപ്പെടുത്താമോ;

(ഇ) സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അനുമതി നിഷേധിച്ച എത്ര അപേക്ഷകളിൽ സർക്കാർ നേരിട്ട് തീരുമാനമെടുത്തെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>കേരള ക്രിക്കറ്റ് അസോസിയേഷൻ തൊടുപുഴയിൽ വാങ്ങിയ ഭൂമി</u>

3032 ശ്രീ. എ.കെ.ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ക്രിക്കറ്റ് അസോസിയേഷൻ തൊടുപുഴയിൽ വസ്തു വാങ്ങിയത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമിയാണ് വാങ്ങിയത്;

(ബി) ഇതിൽ നെൽകൃഷി ചെയ്യുന്ന നിലം ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ നിലമാണ് വാങ്ങിയിട്ടുള്ളത്; നിലവിൽ കൃഷിചെയ്യുന്ന നിലമാണോ ഇത്;

(സി) പ്രസ്തുത നിലം നികത്തരുതെന്ന് കാർഷികോത്പാദന കമ്മീഷണർ ഉത്തരവായിട്ടുണ്ടോ; പ്രസ്തുത നിലം നികത്താൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ രേഖ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പാട്ടത്തിന് നൽകിയ സർക്കാർ ഭൂമി</u>

3033 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ആകെ എത്ര ഏക്കർ സർക്കാർ ഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ആർക്കൊക്കെ എത്ര ഭൂമി വീതം നൽകിയെന്നും പാട്ടത്തുക ഓരോന്നിനും എത്രയാണെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

പാട്ടകുടിശ്ശിക തുക പിടിച്ചെടുക്കുന്നതിന് സർക്കാർ
സ്വീകരിച്ച നടപടികൾ

3034 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടക്കരാർ വ്യവസ്ഥയിൽ സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇവയിൽ കാലാവധി കഴിഞ്ഞിട്ടും കരാർ പുതുക്കാതിരിക്കുകയും സർക്കാർ തിരിച്ചെടുക്കാത്തതുമായ ഭൂമിയെ സംബന്ധിച്ച വിശദാംശങ്ങൾ ജില്ല തിരിച്ച് പറയാമോ;

(സി) ഓരോ ജില്ലയിൽ നിന്നും പ്രതിവർഷം ഈ ഇനത്തിൽ പരിച്ചെടുക്കേണ്ട തുക എത്രയാണെന്നും ഇപ്പോൾ പിരിച്ചെടുക്കുന്ന തുക എത്രയാണെന്നും ഇതേവരെയുള്ള കുടിശ്ശിക എത്രയാണെന്നും പറയാമോ;

(ഡി) കരാർ കാലാവധി കഴിഞ്ഞ പാട്ട ഭൂമി വീണ്ടെടുക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ഇ) പാട്ട കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എഫ്) കരാർ കാലാവധി കഴിഞ്ഞ ഭൂമി വീണ്ടെടുക്കുവാനും പാട്ടകുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പട്ടയം നല്കുന്നതിനുള്ള നടപടികള്‍</u>

3035 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചാലക്കുടി മണ്ഡലത്തില്‍പ്പെട്ട കോടശ്ശേരി ഗ്രാമപഞ്ചായത്ത് നായരങ്ങാടി ദേശത്ത് സര്‍വ്വേ 681, 682 നമ്പരുകളിലായി കിടക്കുന്ന 12 ഏക്കര്‍ ഭൂമിയിലെ സ്ഥിരതാമസക്കാരായ 70 ഓളം കുടുംബങ്ങള്‍ക്ക് പട്ടയം അനുവദിച്ച് നല്‍കുന്നതിന് എന്തെങ്കിലും തടസ്സങ്ങള്‍ നിലനില്‍ക്കുന്നുണ്ടോ ;

(ബി) ഇവര്‍ക്ക് പട്ടയം നല്‍കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഭൂരഹിതര്‍ക്ക് മൂന്ന് സെന്റ് സ്ഥലം നല്‍കുന്ന നടപടി</u>

3036 ശ്രീ. വി. എസ്. സുനില്‍ കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതര്‍ക്ക് മൂന്ന് സെന്റ് സ്ഥലം നല്‍കുന്നതിന് സര്‍ക്കാര്‍ നടപടി സ്വീകരിക്കുമോ;

(ബി) ഇതുവരെയായി എത്ര ഭൂരഹിതര്‍ ഭൂമി ലഭ്യമാക്കുന്നതിന് സര്‍ക്കാരിന് അപേക്ഷ നല്‍കിയിട്ടുണ്ട്;

(സി) ഭൂരഹിതര്‍ക്ക് വിതരണം ചെയ്യാന്‍ പാകത്തില്‍ എത്ര ഏക്കര്‍ ഭൂമി സര്‍ക്കാരിന്റെ കൈവശമുണ്ട്;

(ഡി) മൊത്തം അപേക്ഷകര്‍ക്ക് ഭൂമി വിതരണം ചെയ്യുന്നതിന് എത്ര ഏക്കര്‍ ഭൂമി ആവശ്യമായി വരും;

(ഇ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന ശേഷം എത്ര ഭൂരഹിതര്‍ക്ക് പട്ടയം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

ഭൂരഹിത കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്

3037 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ ;

(ബി) മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്കും ഭൂമി നൽകിയ ശേഷം സർക്കാരിന്റെ കൈവശം ശേഷിക്കുമെന്ന് പ്രതീക്ഷിക്കുന്ന ഭൂമിയുടെ അളവ് എത്രയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഭൂരഹിത കുടുംബങ്ങൾ</u>

3038 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിത കുടുംബങ്ങൾ എന്ന് കണ്ടെത്തിയിട്ടുള്ള എത്ര കുടുംബങ്ങളാണ് ഉള്ളത് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; ഇതിൽ എസ്.സി/എസ്.ടി. വിഭാഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെയും ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) ഇത്രയും പേർക്ക് 3 സെന്റ് ഭൂമി വീതം നൽകാനുള്ള ഭൂമി സർക്കാരിന്റെ കൈവശം ഉണ്ടോ ; എത്ര ഭൂമിയാണ് പ്രസ്തുത ആവശ്യത്തിന് വേണ്ടത് ; ഇല്ലെങ്കിൽ ഭൂമി കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് കണ്ടെത്തിയിട്ടുള്ള മിച്ചഭൂമി എത്രയാണ് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; ഇതു കൂടാതെ ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ജില്ല തിരിച്ച് നൽകുമോ ;

(ഡി) സംസ്ഥാനത്തു അനധികൃതമായി കൈവശം വച്ചിരുന്ന ഭൂമി എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഇ) കേരള ലാന്റ് റിഫോംസ് ആക്ട് പ്രകാരം വിവിധ കോടതികളിൽ കേസ്സിൽ ഉൾപ്പെട്ടു കിടക്കുന്ന എത്ര ഭൂമിയാണ് ഉള്ളത് ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഭൂരഹിതർക്ക് ഭൂമി പതിച്ച് നൽകൽ പദ്ധതി</u>

3039 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതർക്ക് ഭൂമി പതിച്ച് നൽകുന്നതിനായി റവന്യൂ വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിച്ച പദ്ധതി ഇസഡ്. എൽ. സി. ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ആയതുപ്രകാരമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇത് പരിശോധനയ്ക്കായി ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ലഭ്യമാണോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി എന്തൊക്കെ തുടർ നടപടികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>അടിമലത്തുറയിലെ പട്ടയവിതരണം</u>

3040 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരത്ത് അടിമലത്തുറയില്‍ പുറമ്പോക്ക് ഭൂമിയിലുള്ളവര്‍ക്ക് പട്ടയം നല്‍കാന്‍ സര്‍ക്കാര്‍ തീരുമാനിച്ചിരുന്നോ; എന്നായിരുന്നു തീരുമാനിച്ചത് എന്നറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച് നടപടിക്രമങ്ങള്‍ പൂര്‍ത്തിയായിട്ടുണ്ടോ; പട്ടയവിതരണം നടത്തിയോ; ഇല്ലെങ്കില്‍ എന്നത്തേയ്ക്ക് പൂര്‍ത്തിയാക്കും എന്നറിയിക്കുമോ;

(സി) റവന്യൂ, ട്രഷറി വകുപ്പുകളുടെ അസൗകര്യം കാരണമാണ് പട്ടയവിതരണം താമസിക്കുന്നതെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>വ്യാജരേഖയുണ്ടാക്കി സർക്കാർഭൂമി തട്ടിയെടുക്കുന്നവർക്കുള്ള ശിക്ഷ</u>

3041 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജരേഖയുണ്ടാക്കി സർക്കാർഭൂമി കൈയേറ്റം നടത്തി തട്ടിയെടുക്കുന്നവർക്ക് പരമാവധി ലഭിക്കാവുന്ന ശിക്ഷ എന്താണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാജരേഖയുണ്ടാക്കി ഭൂമി കൈയേറിയവർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, എത്രപേർക്കെതിരെ നടപടി എടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>അക്വയർ ചെയ്ത ഭൂമിയിലെ കയ്യേറ്റം</u>

3042

ശ്രീ. എം. ഉമ്മർ
,, കെ. എം. ഷാജി
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികൾക്കുവേണ്ടി അക്വയർ ചെയ്യുന്ന ഭൂമിയിൽ കയ്യേറ്റങ്ങളുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതൊഴിവാക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അക്വയർ ചെയ്ത ഭൂമി യഥാകാലം ഉദ്ദിഷ്ട ആവശ്യത്തിന് ഉപയോഗപ്പെടുത്താതിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആ ഭൂമി ഉടമകൾക്ക് തിരിച്ചു നൽകുന്ന കാര്യം പരിഗണിക്കുമോ ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

മലപ്പുറം ജില്ലയിലെ സർക്കാർ ഭൂമികയ്യേറ്റം

3043 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മങ്കട, കീയാറ്റൂർ എന്നീ വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന കുമാരഗിരി എസ്റ്റേറ്റ് ഉടമകൾ, സമീപ സർക്കാർ ഭൂമി വ്യാപകമായി കയ്യേറിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് തിരിച്ച് പിടിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ :

(സി) ഇല്ലെങ്കിൽ അടിയന്തിരമായി സർവ്വേ നടത്തി കയ്യേറ്റ ഭൂമി തിരിച്ച് പിടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>വഗമണ്ണിലെ ഉളുപ്പുണി പണിക്കുന്ന് പ്രദേശത്തെ ഭൂമികയ്യേറ്റം</u>

3044 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാഗമണ്ണിൽ പിടിച്ചെടുത്ത ഭൂപ്രദേശത്ത് കൈയേറ്റം നടന്നിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉളുപ്പുണി പണിക്കുന്നിനു സമീപം 28 ഹെക്ടർ സ്ഥലത്ത് നടന്നിട്ടുള്ള ഈ കൈയേറ്റം സംബന്ധിച്ച് റവന്യൂ അധികൃതർ സർക്കാരിന് അറിയിപ്പു നൽകിയിരുന്നോ;

(സി) ഈയടുത്തകാലത്ത് കൊച്ചി-മുസിരിസ് ബിനാലെയുടെ മറവിൽ സർക്കാർചെലവിൽ സംഘടിപ്പിച്ച ''വൈറ്റ് ഡ്രോപ്സ്'' എന്ന പരിപാടി ഈ ഭൂപ്രദേശത്താണു നടന്നതെന്ന കാര്യം അറിവുള്ളതാണോ;

(ഡി) പ്രസ്തുത പരിപാടിയിൽ ഭരണതലത്തിൽ ബന്ധപ്പെട്ടവർ പങ്കെടുക്കുകയുണ്ടായോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

മിച്ചഭൂമി നിർണ്ണയം

3045 ശ്രീ. എളമരം കരീം
,, ഇ. പി. ജയരാജൻ
,, എ. കെ. ബാലൻ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിച്ചഭൂമി കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ പ്രത്യേക കോടതികളെ നിയോഗിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ കോടതികളിൽ കെട്ടിക്കിടക്കുന്ന മിച്ചഭൂമി കേസുകൾ വേഗം തീർപ്പാക്കാൻ ചീഫ് ജസ്റ്റിസിന് പ്രത്യേക അപേക്ഷ നൽകുമോ;

(ബി) ഏറ്റെടുക്കാൻ കഴിയുമെന്ന് കരുതുന്ന മിച്ചഭൂമി എത്ര ഏക്കറാണ്; 2012 വരെ ഏറ്റെടുത്ത മിച്ചഭൂമിയിൽ വിതരണം ചെയ്തിട്ടുള്ളവ എത്ര ; അവശേഷിക്കുന്നവ എത്ര ;

(സി) മിച്ചഭൂമി നിർണ്ണയത്തിൽ അപാകതകൾ വന്നിട്ടുണ്ടെങ്കിൽ അത് പുന:പരിശോധിക്കാനുള്ള കാലാവധി എത്ര വർഷമാണ്; അത് ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ;

(ഡി) അപാകത വന്നിട്ടുണ്ടെന്ന് കരുതപ്പെടുന്ന കേസുകളിൽ അവ പുനർവിചാരണക്കെടുത്ത്, നഷ്ടപ്പെട്ടുപോയ മിച്ചഭൂമി തിരിച്ചു പിടിക്കുന്നതിന് തയ്യാറാകുമോ ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>മിച്ചഭൂമി</u>

3046 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കേസ്സുകളില്‍പ്പെട്ട് തീര്‍പ്പാകാതെ കിടക്കുന്ന മിച്ചഭൂമി എത്ര; ഏതെല്ലാം ജില്ലകളില്‍ എത്ര വീതം;

(ബി) സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും വ്യാജരേഖ ചമച്ച് മിച്ച ഭൂമി തട്ടിയെടുക്കുന്ന ഭൂമാഫിയ പ്രവര്‍ത്തിക്കുന്ന കാര്യം സര്‍ക്കാറിന്റെ ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ; ഇത്തരം എത്ര കേസുകള്‍ നിലവിലുണ്ട്?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>മിച്ചഭൂമി</u>

3047 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മിച്ചഭൂമി എവിടെയെല്ലാമാണുള്ളതെന്നും എത്ര ഏക്കർവീതമാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ മിച്ചഭൂമിക്കായി അപേക്ഷിച്ചിട്ടുള്ളവർ</u>

3048 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാസർഗോഡ് ജില്ലയിൽ എത്ര പേർ മിച്ചഭൂമിക്കായി അപേക്ഷിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്നും വില്ലേജ് തിരിച്ച് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>ലാന്റ് ബാങ്ക്</u>

3049 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലാന്റ് ബാങ്കിൽ നിലവിൽ എത്ര ഏക്കർ ഭൂമി ഉണ്ട്; ഇത് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) മുഴുവൻ വില്ലേജുകളിലും മിച്ചഭൂമിയും കയ്യേറ്റഭൂമിയും എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) വൻകിടക്കാർ കയ്യേറിയ സർക്കാർ ഭൂമി, ഭൂമി ഇല്ലാത്തവർക്ക് പതിച്ചുകൊടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ പുതിയ താലൂക്കുകൾ

3050 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പുതിയ താലൂക്കുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും എപ്പോൾ താലൂക്കുകൾ പ്രഖ്യാപിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കുറുവ വില്ലേജിന്റെ വിഭജനം</u>

3051 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ കുറവ വില്ലേജ് വിഭജിക്കണമെന്നാവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്ത് തന്നെ ഏറ്റവും കൂടുതൽ ജനസംഖ്യ പരിധിയുള്ള വില്ലേജുകളിലൊന്നായ കുറുവ വില്ലേജ് വിഭജിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

പുതിയ ജില്ല, താലൂക്ക്, വില്ലേജ് രൂപീകരണം

3052 ശ്രീ. കെ.എൻ.എ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ജില്ല, താലൂക്ക്, വില്ലേജ് എന്നിവ രൂപീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) പള്ളിക്കൽ വില്ലേജിനെ വിഭജിച്ച് പുതിയ കരിപ്പൂർ വില്ലേജും മുന്നിയൂർ വില്ലേജിനെ വിഭജിച്ച് ചേളാരി വില്ലേജും തിരൂരങ്ങാടി താലൂക്കിനെ വിഭജിച്ച് വള്ളിക്കുന്ന് മണ്ഡലം കേന്ദ്രീകരിച്ച് മറ്റൊരു താലൂക്കും രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>മുരുക്കടി എന്ന സ്ഥലം 'വിശ്വനാഥപുരം' എന്നാക്കി മാറ്റുന്നതിനുള്ള നടപടി</u>

3053 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ മുരുക്കടി എന്ന സ്ഥലത്തിന്റെ പേര് റവന്യൂ റെക്കോർഡുകളിൽ 'വിശ്വനാഥപുരം' എന്നാക്കിമാറ്റുന്നതിനുവേണ്ടി നൽകിയ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് നോട്ടിഫിക്കേഷൻ നടത്തുന്നതിന് റവന്യൂ വകുപ്പിലെ 56695/എഫ്1/12 എന്ന ഫയലിൽ അടിയന്തര നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കഠിനംകുളം വില്ലേജിലെ സ്ഥലം പോക്കുവരവ് ചെയ്യുന്നതിനുള്ള നടപടി</u>

3054 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തിരുവനന്തപുരം താലൂക്കിലെ കഠിനംകുളം വില്ലേജിൽ 366, 367, 368, 369, 371, 372 എന്നീ സർവ്വേ നമ്പറുകളിലെ സ്ഥലം വിലയ്ക്കുവാങ്ങിയ 88 കുടുംബങ്ങൾക്ക് പ്രസ്തുതസ്ഥലം പോക്കുവരവ് ചെയ്തു ലഭിക്കാത്തതിനാൽ ഈ കുടുംബങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്നതു സംബന്ധിച്ച നിവേദനങ്ങളിന്മേലും അപേക്ഷകളിന്മേലും സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) പോക്കുവരവ് ചെയ്തുകൊടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ പ്രത്യേകസംവിധാനം ഏർപ്പെടുത്തുമോ?

**കേരള നിയമസഭ**
**15.02.2013-ലെ മറുപടിക്ക്**

<u>ദുരന്തങ്ങൾ പ്രതിരോധിക്കുവാനും ഫലപ്രദമായി പ്രവർത്തിക്കാനുമുള്ള പദ്ധതി</u>

3055 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, എം. എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുരന്തങ്ങൾ പ്രതിരോധിക്കാനും ദുരന്തമുഖങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കാനുമുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(ഡി) ഈ പദ്ധതിയിൽ ജനപ്രതിനിധികളെ പങ്കാളികളാക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ഇ) പദ്ധതി സംസ്ഥാനത്ത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ട് വിനിയോഗം</u>

3056 ശ്രീ. ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസഫണ്ട് ഉപയോഗിച്ച് ചാത്തന്നൂര്‍ നിയോജക മണ്ഡലത്തില്‍ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികള്‍ ഏതൊക്കെയാണ്; വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത നിര്‍മ്മാണപ്രവര്‍ത്തനങ്ങള്‍ പൂര്‍ത്തീകരിക്കുന്നതില്‍ കുറ്റകരമായ കാലതാമസം വരുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) പ്രവൃത്തികള്‍ സമയബന്ധിതമായി പൂര്‍ത്തീകരിക്കുവാന്‍ ഉതകുന്ന വിധം നടപടികള്‍ സ്വീകരിക്കുവാന്‍ ബന്ധപ്പെട്ടവര്‍ക്ക് കര്‍ശന നിര്‍ദ്ദേശം നല്‍കുവാന്‍ ശ്രദ്ധിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കാലവർഷക്കെടുതി പുനരുദ്ധാരണ പ്രവൃത്തികൾക്ക് അനുവദിച്ച തുക</u>

3057 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലവർഷക്കെടുതി പുനരുദ്ധാരണ പ്രവൃത്തികൾക്ക് 2011-12, 2012-13 വർഷങ്ങളിൽ ഇതുവരെയായി കണ്ണൂർ ജില്ലയിൽ എത്ര തുകക്കുള്ള ഭരണാനുമതിയാണ് നൽകിയതെന്ന് നിയോജക മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ; ഉത്തരവുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയത് ഏതെല്ലാം പ്രവൃത്തികൾക്കാണെന്നും അവയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയുടെ വിനിയോഗം</u>

3058 ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2009-2010 വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ കയ്പമംഗലം നിയോജകമണ്ഡലത്തിലെ എടത്തിരുത്തി, കയ്പമംഗലം, പെരിഞ്ഞനം, മതിലകം, ശ്രീനാരായപുരം, എടവിലക്ക്, എറിയാട് ഗ്രാമപഞ്ചായത്തുകളിൽ വെള്ളപൊക്ക ദുരിതാശ്വാസ നിധി പ്രകാരം റോഡുകളുടെ നിർമ്മാണത്തിനായി അനുവദിച്ച തുക എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ലക്ഷക്കണക്കിന് രൂപയുടെ പ്രവൃത്തികൾ സമയബന്ധിതമായി പണം ലാപ്സായി പോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പണം ലാപ്സാക്കി കളയുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടാകുന്ന വലിയ വീഴ്ച പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സുനാമിദുരന്തപുനരധിവാസപദ്ധതി</u>

3059 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 4-നുണ്ടായ സുനാമിദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിന് മുൻസർക്കാർ ആരംഭിച്ച പദ്ധതികൾ പൂർണ്ണമായും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇനിയും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്നു വെളിപ്പെടുത്തുമോ;

(സി) പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എന്താണു തടസ്സമായി നിൽക്കുന്നതെന്നു പരിശോധിച്ചിട്ടുണ്ടോ;

(ഡി) ദുരന്തബാധിതരുടെ ശേഷിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയെന്നു പഠിച്ചു നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>വരൾച്ചാ ക്കെടുതികൾ</u>

3060 ശ്രീ. എം. ചന്ദ്രൻ
,, ബി. ഡി. ദേവസ്സി
,, സി. കൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വരൾച്ചക്കെടുതികൾ സർക്കാർ വിലയിരുത്തുകയുണ്ടായോ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് വരൾച്ചക്കെടുതികൾ ബാധിച്ചിട്ടുള്ളത്;

(സി) സർക്കാർ ഇതിനകം സ്വീകരിച്ച ആശ്വാസനടപടികൾ എന്തെല്ലാമാണ്;

(ഡി) വരൾച്ചമൂലമുണ്ടായിട്ടുള്ള കൃഷിനാശം തിട്ടപ്പെടുത്തിയിട്ടുണ്ടോ; ജില്ലതിരിച്ചുള്ള ലഭ്യമായ കണക്കുകൾ നൽകുമോ; കർഷകർക്കു നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) രൂക്ഷമായ വരൾച്ച നേരിടുന്നതിന് എന്തു തുകയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്; വരൾച്ച ഫലപ്രദമായി നേരിടുന്നതിന് അനുവദിച്ച തുക മതിയാകുമെന്നു കരുതുന്നുണ്ടോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>മൂന്നാർ പ്രദേശത്ത് വൻതോതിൽ നടക്കുന്ന ഭൂമികൈയ്യേറ്റം</u>

3061 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ പ്രദേശത്ത് വൻതോതിൽ നടക്കുന്ന ഭൂമികൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിപ്പിച്ച സ്ഥലങ്ങളിൽപോലും നിലവിൽ വ്യാപകമായ കൈയ്യേറ്റം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുടർച്ചയായുള്ള അവധി ദിനങ്ങളും മറ്റും മറയാക്കി നടത്തുന്ന പ്രസ്തുത കൈയ്യേറ്റം തടയാൻ നടപടിയെടുക്കുമോ;

(സി) വളരെ പരസ്യമായി നടത്തുന്ന ഇത്തരം കൈയ്യേറ്റങ്ങൾ തടയുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കാത്തത് പരിശോധിക്കുമോ?

## കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>മൂന്നാറിലെ ഭൂമി കയ്യേറ്റം</u>

3062 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൂന്നാറിൽ എത്ര ഏക്കർ ഭൂമി കൈയ്യേറ്റത്തിൽ നിന്ന് ഒഴിപ്പിച്ചെടുത്തുവെന്ന് വ്യക്തമാക്കുമോ;വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം ഒഴിപ്പിച്ചെടുത്ത ഭൂമി വീണ്ടും സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ കൈയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇപ്രകാരം സംഭവിക്കാനിടയായ സാഹചര്യം അന്വേഷണത്തിന് വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>മൂന്നാർ, വാഗമൺ കൈയ്യേറ്റ ഭൂമി തിരിച്ചു പിടിക്കൽ</u>

3063 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ മുൻസർക്കാർ പിടിച്ചെടുത്തത് എത്ര ഹെക്ടർ ഭൂമിയായിരുന്നു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ ഭൂമി കൈയ്യേറ്റക്കാർ തിരിച്ചുപിടിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) വാഗമണിൽ സർക്കാരിന്റെ കൈവശം ഏറ്റെടുത്ത എത്ര ഹെക്ടർ ഭൂമി ഇപ്പോഴുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഈ പ്രദേശങ്ങളിലൊക്കെ കൈയ്യേറിയ ഭൂമികളിൽ കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾപ്രകാരം കൃഷി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരം കൈയ്യേറ്റങ്ങൾക്ക് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരേയും കൈയ്യേറ്റകാർക്കെതിരേയും ശക്തമായ നടപടികൾ സ്വീകരിക്കുമോ;

(എഫ്) ഈ ഭൂമികൾ സർക്കാരിലേയ്ക്ക് തിരിച്ചുപിടിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

<u>മൂന്നാർ ട്രിബ്യൂണലിന്റെ പ്രവർത്തനം</u>

3064 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ ഭൂമിസംബന്ധമായ കേസ്സുകൾ തീർപ്പാക്കുന്നതിനുവേണ്ടി മുൻസർക്കാർ രൂപീകരിച്ച ട്രിബ്യൂണലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ട്രിബ്യൂണലിനു പ്രവർത്തിക്കാനാവശ്യമായ സഹായം നൽകുന്നുണ്ടോ;

(സി) ഇതിനകം എത്ര കേസ്സുകളാണ് ട്രിബ്യൂണലിനു കൈമാറിയിട്ടുള്ളത്;

(ഡി) നിലവിലുള്ള കേസ്സുകൾ ട്രിബ്യൂണലിനു കൈമാറുന്നതിന് ഉദ്യോഗസ്ഥർ വിമുഖത കാണിക്കുന്നുണ്ടോ; ഭൂമികൈയേറ്റക്കാരെ സഹായിക്കുന്നതിനു വേണ്ടിയാണിതെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>മൂന്നാറിലെ അനധികൃതനിർമ്മാണപ്രവർത്തനങ്ങൾ</u>

3065 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ റവന്യൂഭൂമി പിടിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് എത്രമാത്രം വിജയിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) പിടിച്ചെടുത്ത റിസോർട്ട് ഹൈക്കോടതിയുടെ ഉത്തരവിന്റെ ഫലമായി തിരികെ നൽകേണ്ടതായി വന്നിട്ടുണ്ടോ;

(ഡി) എങ്കിൽ, ഇത്തരം ഒരു സാഹചര്യം ഉണ്ടാകാനിടയായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ഇ) സർക്കാരിന്റെ നിബന്ധനകൾ ലംഘിച്ച് മൂന്നാറിൽ ഇപ്പോഴും നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇതു തടയുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

മൂന്നാർ, വാഗമൺ പ്രദേശങ്ങളിലെ ഭൂമാഫിയയുടെ വ്യാജപട്ടയനിർമ്മാണം

3066 ശ്രീ. ഇ. പി. ജയരാജൻ
,, കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മൂന്നാർ, വാഗമൺ എന്നീ പ്രദേശങ്ങളിൽ സർക്കാർഭൂമി വൻതോതിൽ കൈയേറുകയും, വ്യാജപട്ടയം സമ്പാദിക്കുകയും ചെയ്യുന്ന ഭൂമാഫിയയുടെ പ്രവർത്തനം ശക്തിപ്പെട്ടുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് പോലീസ് ഇന്റലിജൻസ് വിഭാഗത്തിന്റെ റിപ്പോർട്ട് റവന്യൂവകുപ്പിനു ലഭിച്ചിട്ടുണ്ടോ;

(സി) ഭൂമികൈയേറ്റം തടയുന്നതിന് മുൻസർക്കാർ സ്വീകരിച്ച ശക്തമായ നടപടി തുടർന്നു നടത്തുന്നതിനു തടസ്സമെന്താണെന്ന് അറിയിക്കുമോ;

(ഡി) ഇങ്ങനെ അനധികൃതമായി കൈയേറുന്ന ഭൂമിക്കു കരം സ്വീകരിച്ച് കൈവശരേഖ കൊടുക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) കൈയേറ്റം തടയുന്നതിനും, കൈയേറിയ ഭൂമി തിരിച്ചുപിടിക്കുന്നതിനും അടിയന്തിരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>റവന്യൂ പുറമ്പോക്കു ഭൂമി കൈമാറുന്നതു സംബന്ധിച്ച്</u>

3067 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക വില്ലേജിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനു വേണ്ടി സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായെന്ന് വിശദീകരിക്കാമോ;

(ബി) കാലതാമസം കൂടാതെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നത് ത്വരിതപ്പെടുത്തുമോ;

(സി) ഏകദേശം എത്ര സമയപരിധിക്കുള്ളിൽ ഭൂമി നൽകാൻ സാധിക്കുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമി</u>

3068 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എവിടെയെല്ലാം റവന്യൂ പുറമ്പോക്ക് ഭൂമിയുണ്ട് എന്നത് വ്യക്തമാക്കാമോ ;

(ബി) ഈ ഭൂമിയുടെ വിശദവിവരം സർവെ നമ്പർ, ഭൂമി എവിടെ സ്ഥിതി ചെയ്യുന്നു, ഭൂമി ആർക്കെങ്കിലും പാട്ടത്തിന് നൽകിയിട്ടുണ്ടോ, വിസ്തീർണം, മുതലായ വിവരങ്ങൾ വില്ലേജ്അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**15.02.2013–ലെ മറുപടിക്ക്**

<u>പുറമ്പോക്ക് ഭൂമി പതിച്ച് നല്കുന്നതിനുള്ള നടപടി</u>

3069 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1-7-2011-ലെ കണക്ക് പ്രകാരം ഭൂമി പതിച്ചു കിട്ടുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിരുന്നു ; താലൂക്കടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) 1-7-2011 മുതൽ 1-12-2012 വരെ എത്ര പേർക്ക് റവന്യൂ പുറമ്പോക്ക് ഭൂമി പതിച്ച് നൽകി ; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ ;

(സി) 1-7-2011 മുതൽ 1-12-2012 വരെ എത്ര പേർക്ക് മിച്ച ഭൂമി പതിച്ച് നൽകി ; താലൂക്കടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ ;

(ഡി) 1-6-2006 മുതൽ 1-4-2011 വരെ എത്ര പേർക്ക് ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിൽ ഭൂമി പതിച്ച് നല്കി ;

(ഇ) ഒറ്റപ്പാലം താലൂക്കിൽ വിതരണം ചെയ്യുന്നതിനായി എത്ര ഏക്കർ മിച്ചഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത് ; അത് ആരുടെ ഉമസ്ഥാതയിലാണ് ; വിശദാംശം ലഭ്യമാക്കാമോ ;

(എഫ്) പ്രസ്തുത ഭൂമി അടിയന്തിരമായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ കായൽ പുറമ്പോക്ക്</u>

3070 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിലെ കായൽ പുറമ്പോക്ക് ഭൂമി പതിച്ച് കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്തെന്ന്വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുള്ള നടപടി</u>

3071 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല പാതയായ എരുമേലി-കണമല-ഇലവുങ്കൽ പാതയിലെ കണമല പാലത്തിനായി കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽപ്പെടുന്ന എരുമേലി തെക്ക് വില്ലേജിലെ എത്ര ആർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്; പ്രസ്തുത വസ്തുവിന്റെ ഉടമ ആരാണ്;

(ബി) ഈ വസ്തു സർക്കാർ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കൈമാറാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്; ഫയൽ നമ്പർ വ്യക്തമാക്കുമോ; ഇതിൻമേൽ തീരുമാനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; അടിയന്തിരമായി പ്രസ്തുത ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട്</u>

3072 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര രൂപയാണു ലഭിച്ചതെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുതതുക ഓരോ വർഷവും ചെലവഴിച്ചതിന്റെയും, ചെലവഴിച്ച ഓരോ പ്രവൃത്തിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ടുവിനിയോഗത്തിലെ അപാകതകളുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, പരാതി സംബന്ധിച്ച വിശദാംശവും, സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>റിവര്‍ മാനേജ്മെന്റ് ഫണ്ട്</u>

3073 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റിവര്‍ മാനേജ്മെന്റ് ഫണ്ടില്‍ അനുമതി നല്‍കിയിട്ടുള്ള നദീതട സംരക്ഷണ പ്രവര്‍ത്തികള്‍ക്ക് കരാറുകാരെ ലഭിക്കാത്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) നിര്‍മ്മാണ പ്രവര്‍ത്തികള്‍ക്ക് പി. ഡബ്ല്യു. ഡി. നിരക്ക് വര്‍ദ്ധിക്കുന്നതിനനുസരിച്ച് ആര്‍. എം. എഫ്. പ്രവര്‍ത്തികള്‍ക്കും നിരക്ക് വര്‍ദ്ധനവ് അനുവദിക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ ;

(സി) കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയില്‍ വരുന്ന എത്ര നദീതട സംരക്ഷണ പ്രവര്‍ത്തികള്‍ക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്നും അവ ഏതൊക്കെയെന്നും അവയില്‍ കരാറുകാര്‍ ഏറ്റെടുക്കാത്ത പ്രവര്‍ത്തികള്‍ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പ്രവര്‍ത്തികള്‍ക്ക് കരാറുകാരെ ലഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>'ഇ-ഡിസ്ട്രിക്റ്റ്' പദ്ധതി</u>

3074 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്ഷയ സെന്ററുകൾ വഴി വില്ലേജ് ഓഫീസുകൾ മുഖേന ലഭിക്കുന്ന വിവിധതരം സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്ന 'ഇ-ഡിസ്ട്രിക്റ്റ്' പദ്ധതി നിലവിൽ ഏതൊക്കെ ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ട്;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഈ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിക്കേണ്ട ഏതൊക്കെ സർട്ടിഫിക്കറ്റുകളാണ് പ്രസ്തുതപദ്ധതി മുഖേന അക്ഷയ സെന്ററുകൾ വഴി ലഭ്യമാകുക; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഇ-മണൽ പദ്ധതി</u>

3075 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മണൽ വിതരണത്തിന് കാസർഗോഡ് ജില്ലയിൽ ആരംഭിച്ച ഇ-മണൽ പദ്ധതി മറ്റുജില്ലകളിൽകൂടി വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ഇ - ജില്ലാ പദ്ധതി

3076 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇ-ജില്ല പദ്ധതി പ്രകാരം വില്ലേജ് ഓഫീസർമാർക്കായി എത്ര ലാപ്പ്ടോപ്പുകൾ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് കമ്പനിയിൽ നിന്ന് വാങ്ങിയെന്നും ഇതിനായി എത്ര തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലെ സാങ്കേതിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ടെക്നിക്കൽ കമ്മിറ്റിയുടെ അറിവോടുകൂടിയാണോ ലാപ്ടോപ്പുകൾ വാങ്ങിയതെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി നടപ്പിലാക്കുന്ന നാഷണൽ ഇ-ഗവേണൻസ് പ്രോഗ്രാമും ലോക ബാങ്കും ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ;

(ഇ) പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ഭൂചലനങ്ങളെ സംബന്ധിച്ച പഠനം</u>

3077 ശ്രീ. കെ.രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലും സമീപ പ്രദേശങ്ങളിലും നിരന്തരമായി നടന്നു വന്നിരുന്ന ഭൂചലനങ്ങളെ കുറിച്ച് നടത്തിയ പഠനങ്ങളെ സംബന്ധിച്ച് അറിയുമോ;

(ബി) ഭൂചലനങ്ങളെ സംബന്ധിച്ച് നിരീക്ഷണത്തിന്, ദേശമംഗലത്ത് സ്ഥാപിച്ചിരുന്ന ഭൂകമ്പമാപിനി വകുപ്പിൽ നിന്നും നീക്കം ചെയ്തിരുന്നത് പുനഃസ്ഥാപിക്കണമെന്ന് സർക്കാർ ഉറപ്പു നൽകിയിരുന്നതായി അറിയുമോ;

(സി) എങ്കിൽ ഇവിടെ ഭൂകമ്പമാപിനി ഇതേവരെ പുനഃസ്ഥാപിക്കാതിരിക്കാനുള്ള കാരണങ്ങൾ പറയാമോ;

(ഡി) ഭൂചലനങ്ങളെ സംബന്ധിച്ച് നടന്ന പഠന റിപ്പോർട്ടിൽ പ്രസ്തുത പ്രദേശത്ത് സ്വീകരിക്കേണ്ട മുൻ കരുതലുകൾ എന്തെല്ലാമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അവ എന്തെല്ലാമാണെന്നും അവയിൽ നടപ്പിലാക്കിയവ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണം</u>

3078 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്ത് നൽകുന്ന പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പ്രവർത്തനത്തിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാക്കാനുള്ളത് എന്ന് വിശദമാക്കുമോ ;

(സി) സ്ഥലം ഏറ്റെടുത്ത് നൽകുന്ന പ്രവർത്തനം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

**<u>പയ്യന്നൂർ നിയോജക മണ്ഡലത്തിൽ സർക്കാർ സ്ഥാപനങ്ങൾക്ക് ഭൂമി വിട്ടുനൽകാനുള്ള നടപടികൾ</u>**

3079 ശ്രീ. സി.കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ പെരിങ്ങോം-വയക്കര പഞ്ചായത്തിൽ പെരിങ്ങോം വില്ലേജിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ, ഐ.ടി.ഐ, ഫയർ സ്റ്റേഷൻ, പഞ്ചായത്ത് ഖരമാലിന്യ സംസ്കരണ പ്ലാന്റ് എന്നിവയ്ക്ക് ഭൂമി വിട്ടുനൽകാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടിയുള്ള ഭൂമി എത്രയും പെട്ടെന്ന് വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>റീസർവ്വേ</u>

3080 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീ സർവ്വേ ഇപ്പോൾ നിലവിലുണ്ടോ;

(ബി) റീ സർവ്വേ പ്രകാരം അളന്നതിനാൽ വന്നിട്ടുള്ള ആക്ഷേപങ്ങൾക്ക് പരാതി കൊടുത്ത് തീർപ്പാകാതെ കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ കൊല്ലം ജില്ലയിൽ 2011-12 വർഷത്തിൽ തീർപ്പാക്കിയ കേസ്സുകൾ താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ;

(സി) നിലവിൽ കൊല്ലം ജില്ലയിൽ എത്ര സർവ്വേയർമാരുടെ ഒഴിവുകൾ നിലവിലുണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ എത്ര സർവ്വേയർമാരെ പി.എസ്.സി. മുഖേന നിയമിച്ചിട്ടുണ്ട്;

# കേരള നിയമസഭ
# 15.02.2013-ലെ മറുപടിക്ക്

ചേർത്തല താലൂക്കിൽ റീസർവ്വെ നടപടികളുടെ പുരോഗതി

3081 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിൽ റീസർവ്വെ നടപടികൾ പൂർത്തിയാവുകയും റിസർവ്വേ ഇംപ്ലിമെന്റ് ചെയ്യുകയും ചെയ്ത എത്ര വില്ലേജുകൾ ഉണ്ടെന്ന് പറയാമോ; പ്രസ്തുത വില്ലേജുകളിൽ റിസർവ്വെ നടപടികൾ മൂലം രേഖകളിൽ മാറ്റം വന്നതിനാൽ പ്രസ്തുത തെറ്റുകൾ തിരുത്തിക്കിട്ടുന്നതിനുവേണ്ടി മാത്രം എത്ര അപേക്ഷകൾ 2012 ഡിസംബർ വരെയുള്ള കാലയളവിൽ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം ഇതിനോടകം തീർപ്പാക്കിയെന്നും പറയാമോ; ഇത്തരം കേസുകളിൽ തീർപ്പാക്കാത്തവ എന്തുകൊണ്ടാണ് ഇനിയും തീർപ്പാക്കാത്തത് എന്നും പറയാമോ; തീർപ്പായ കേസുകളെല്ലാം മുൻഗണനാ ക്രമം പാലിക്കപ്പെട്ട് തന്നെയാണോ തീർപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) വസ്തു ഉടമകളും വസ്തു സംബന്ധമായ പ്രമാണങ്ങളും, പട്ടയങ്ങളും ബന്ധപ്പെട്ട റവന്യൂ-റീസർവ്വെ ഉദ്യോഗസ്ഥരും മാത്രം കൂടിയാലോചിച്ചാൽ പരിഹരിക്കാവുന്ന പല കേസുകളും വർഷങ്ങളായി പരിഹരിക്കപ്പെടാതെ കിക്കുന്നതിനാൽ നിർദ്ധനരായ ഒട്ടേറെപ്പേരുടെ മക്കളുടെ വിദ്യാഭ്യാസം, വിവാഹം എന്നിവ പോലെ ഒട്ടേറെ പ്രധാന കാര്യങ്ങൾ മുടങ്ങുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ച് സമയബന്ധിതമായ നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>റീ സർവ്വെ വിവരം</u>

3082 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ നിർത്തലാക്കിയോ ;

(ബി) എങ്കിൽ ആയതിന് പകരമായി എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത് എന്നതിന്റെ വിശദാംശം അറിയിക്കുമോ ;

(സി) സംസ്ഥാനത്ത് റീസർവ്വേ നടത്തിയിട്ടില്ലാത്തതും നടത്തിയതുമായ ഭൂമിയുടെ വിസ്തൃതി വിവരം ജില്ലാടിസ്ഥാനത്തിൽ വേർതിരിച്ച് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ റീസർവ്വേ ജോലികൾ പൂർത്തിയാക്കുന്നതിനും പൂർത്തീകരിച്ചതിലുള്ള അപാകതകൾ പരിഹരിക്കുന്നതിനുമായി ഈ സർക്കാർ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഇല്ലായെങ്കിൽ സമയബന്ധിതമായി റീസർവ്വേ സംസ്ഥാനത്ത് സമ്പൂർണ്ണമാക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് തയ്യാറാകുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>റീസർവ്വേ അപാകതകൾ</u>

3083 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ ഭൂമിയുടെ അളവ് രേഖപ്പെടുത്താൻ മുൻകാലങ്ങളിൽ കോലളവ് സ്വീകരിച്ചിരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോലളവു പ്രകാരമുള്ള കൈവശഭൂമിക്കു പട്ടയം നൽകിയപ്പോൾ ഭൂമി പ്രത്യേകം അളന്നു തിട്ടപ്പെടുത്തി വിസ്തീർണ്ണം രേഖപ്പെടുത്തി നൽകിയിരുന്നോ എന്നു വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ, കൈവശഭൂമിക്കു പട്ടയം നൽകിയപ്പോൾ ഭൂമിയുടെ അളവ് രേഖപ്പെടുത്തുന്നതിന് എന്തു മാനദണ്ഡമാണു സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ;

(ഡി) പ്രത്യേകമാനദണ്ഡങ്ങളില്ലാതെ അളവ് രേഖപ്പെടുത്തി പട്ടയം നൽകിയിട്ടുണ്ടെങ്കിൽ, റീസർവ്വേ നടക്കുമ്പോൾ വിസ്തീർണ്ണത്തിലുണ്ടാകുന്ന മാറ്റങ്ങൾ ഏതുവിധത്തിൽ പരിഹരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിനായി സർവ്വേ ഉദ്യോഗസ്ഥർക്ക് എന്തെല്ലാം മാർഗ്ഗരേഖകൾ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ടി. എസ്. കനാലിന്റെ സർവ്വേ</u>

3084 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ ഭാഗമായ ടി. എസ് കനാലിന്റെ സർവ്വേ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) ടി. എസ്. കനാലിന്റെ ഭാഗങ്ങൾ സ്വകാര്യവ്യക്തികൾ കയ്യേറിയിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കയ്യേറിയ ഭൂമി തിരിച്ചുപിടിക്കുന്നതിന് എന്ത് നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) കയ്യേറിയ ഭൂമിയുടെ വിസ്തൃതി എത്രയാണ് ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>ദേശീയ പാത 47 -ലെ സ്ഥലമെടുപ്പ് സംബന്ധിച്ച സർവ്വേ</u>

3085 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 47-ൽ കൊല്ലം ജില്ല അതിർത്തിയിൽപ്പെട്ട പ്രദേശത്തുള്ള സ്ഥലമെടുപ്പ് സംബന്ധിച്ച സർവ്വേ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) സർവ്വേ പൂർത്തീകരിച്ച സ്ഥലത്തിന്റെ കൈമാറ്റം സംബന്ധിച്ച നടപടികൾ എന്തായെന്ന് വിശദമാക്കുമോ;

(സി) ദേശീയ പാതയ്ക്ക് വേണ്ടി കൈമാറ്റം ചെയ്യുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ;

(ഡി) ദേശീയ പാതയുടെ വികസനത്തിനുവേണ്ടി ഭൂമി വിട്ടുകൊടുക്കുന്നവരെ പൂന:രധിവിസിപ്പിക്കുന്നതിനുവേണ്ടി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

ലീഗൽ മെട്രോളജി വകുപ്പിലെ ഒഴിവുകൾ
നികത്തുന്നതിനുള്ള നടപടി

3086 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ അടൂർ, തിരുവല്ല എന്നിവിടങ്ങളിൽ വാച്ചർ തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ടോ ;

(ബി) ഈ ഒഴിവുകൾ നികത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കയർ വ്യവസായ മേഖലയിലെ വേതന പരിഷ്ക്കരണം</u>

3087 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട കയർ വ്യവസായമേഖയിലും മറ്റും പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തൊഴിൽ/കയർപിരിമേഖലയിലും ഫാക്ടറിമേഖലയിലും പണിയെടുത്തുവരുന്ന തൊഴിലാളികളുടെ വേതനവും കയർ തൊഴിലാളികളുടെ പെൻഷനും കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടിയെടുക്കുമോ ;

(സി) ഉല്പാദനച്ചെലവിനനുസരിച്ച് കയറിന്റെ വില നിശ്ചയിച്ച് സംഭരണത്തിനുള്ള ശ്രമം ഉണ്ടാകുമോ ;

(ഡി) കയർ സഹകരണസംഘം ജീവനക്കാർക്ക് മിനിമം ശമ്പളവും മറ്റ് അനുബന്ധ ആനുകൂല്യങ്ങളും സർക്കാർ ഉറപ്പാക്കുമോ ;

(ഇ) കയറുൽപന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട ആഗോള ശ്രദ്ധയാകർഷിക്കത്തക്ക ഫെസ്റ്റുകളും മറ്റും സർക്കാർ ആഘോഷിക്കുമ്പോൾ കയർ മേഖല അടിസ്ഥാനമായി ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ കൂടി ഗൗരവമായി പരിഗണിച്ച് കാലോചിതമായ വേതന പരിഷ്ക്കരണം നടപ്പിലാക്കാനുള്ള നടപടിയുണ്ടാക്കുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

കയര്‍ മേഖല പരിപോഷിപ്പിക്കുന്നതിനുള്ള നടപടി

3088 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം കയര്‍ മേഖലയെ പരിപോഷിപ്പിക്കാനും കയര്‍ രംഗത്ത് കൂടുതല്‍ തൊഴില്‍ ദിനങ്ങള്‍ സൃഷ്ടിക്കാനും എന്തെല്ലാം നടപടികള്‍ ആണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) ഈ കാലയളവില്‍ കയര്‍ ഉല്‍പ്പന്നങ്ങളുടെ ഉല്‍പ്പാദനത്തില്‍ വര്‍ദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കില്‍ മുന്‍ വര്‍ഷത്തേതില്‍ നിന്നും എത്ര ടണ്‍ വര്‍ദ്ധിച്ചു എന്ന് വെളിപ്പെടുത്താമോ ;

(സി) തൊഴിലാളിയുടെ തൊഴില്‍ ദിനങ്ങളില്‍ വര്‍ദ്ധനവുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കില്‍ വര്‍ദ്ധന എത്രയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കയർ തൊഴിലാളി ക്ഷേമനിധിയിലെ അംഗത്വം</u>

3089 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ തൊഴിലാളി ക്ഷേമനിധിയിൽ പുതുതായി എത്ര പേർക്ക് അംഗത്വം നൽകി; വിശദാംശം നൽകുമോ;

(ബി) ഇവരിൽ നിന്നും എത്ര വർഷത്തെ അംശദായം മുൻകൂറായി വാങ്ങിയിട്ടുണ്ട്; ഇങ്ങനെ എന്തുതുക ക്ഷേമനിധി ബോർഡിന് അധികമായി ലഭിച്ചുവെന്ന് അറിയിക്കാമോ;

(സി) ക്ഷേമനിധി ബോർഡിൽ അംഗങ്ങളെ ചേർക്കുന്നതിനുള്ള മാനദണ്ഡമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) അംശദയം മൂൻകൂറായി വാങ്ങുന്ന നടപടി അവസാനിപ്പിക്കുമോ; വ്യാജഅംഗത്വം നേടിയവരുടെ അംഗത്വം റദ്ദാക്കുമോ;

(ഇ) അംശദയം വർദ്ധിപ്പിക്കുന്നകാര്യം സർക്കാരിന്റെ ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ;

(എഫ്) ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) എം.ബി.എ., എം.സി.എ., ബി.എസ്.സി. നഴ്സിംഗ് തുടങ്ങിയ കോഴ്സുകൾ പ്രൊഫഷണൽ കോഴ്സിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം</u>

3090 ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 2011-'12ലും, 2012-'13 ലും എന്ത് തുക വീതം വകയിരുത്തിയെന്നും, അതിൽ എത്ര വീതം ഏതെല്ലാം പ്രവർത്തികൾക്കായി ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കയർ ക്രയവില സ്ഥിരതാ പദ്ധതി</u>

3091 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ ക്രയവില സ്ഥിരതാ പദ്ധതിപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ വർഷവും എത്ര രൂപയുടെ കയറുൽപ്പന്നങ്ങൾ കയറ്റുമതിക്കാർക്ക് സംഭരിച്ചുനൽകി എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുകയ്ക്കുള്ള കയറുൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തുവെന്നും, കയറ്റുമതി ചെയ്ത കയർ ഉൽപന്നം, അളവ്, തുക, രാജ്യം എന്നിവ സഹിതം വിശദമാക്കാമോ;

(സി) ക്രയവില സ്ഥിരതാ പദ്ധതിയിൽ നിന്നും കയറ്റുമതിക്കാർ ഉൽപന്നങ്ങൾ സംഭരിക്കുന്നത് കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു തടയാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

നവയുഗ കയർ ഉൽപാദന പദ്ധതി

3092 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' ഹൈബി ഈഡൻ
'' ആർ. സെൽവരാജ്
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നവയുഗ കയർ ഉദ്പാദന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഏന്തെല്ലാം ധനസഹായങ്ങളാണ് പ്രസ്തുത പദ്ധതി വഴി കയർത്തൊഴിലാളികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് കയർ ഫാക്ടറി അനുവദിക്കാനുള്ള നടപടി</u>

3093 ശ്രീ. വർക്കല കഹാർ
,, കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ ഫാക്ടറി അനുവദിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

<u>കയർമേഖലയിലെ ഇൻകം സപ്പോർട്ട് സ്കീം</u>

3094 ശ്രീ. പി. എ. മാധവൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. പി. വിൻസെന്റ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 15.02.2013-ലെ മറുപടിക്ക്

കയറുൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം

3095

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, എം. എ. വാഹീദ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ വികസന ലക്ഷ്യം കൈവരിക്കുന്നതിന് കയർ ഉല്പാദകർക്കും വ്യാപാരികൾക്കും എന്തെല്ലാം സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) എത്ര കോടി രൂപയുടെ ആഭ്യന്തര വിപണി കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കയറുല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന് കയർ കോർപ്പറേഷൻ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?